## അനുബന്ധം എച്ച് -4

### അറിയിപ്പ്

ട്രഷറി ഡയറക്ടറേറ്റിലെ സീനിയർ അക്കൗണ്ടന്റ് (അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന) ശ്രീ.എസ്.സജനെ അറിയിക്കുന്നത് എന്തെന്നാൽ, താങ്കൾ ട്രഷറി ഡയറക്ടറേറ്റിൽ സീനിയർ അക്കൗണ്ടന്റായി ജോലി നോക്കിവരവെ 07/12/2007 മുതൽ കെ.എസ്.ആർ ഭാഗം-1 അപ്പൻഡിക്സ് XII എ പ്രകാരം വിദേശത്ത് മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിനായി 15 വർഷത്തേക്ക് ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയുണ്ടായി. താങ്കൾക്ക് അനുവദിച്ച ശൂന്യവേതനഅവധി കാലയളവ് 06/12/2022-ന് പൂർത്തീകരിച്ചിട്ടും താങ്കൾ ഓഫീസിൽ ഹാജരാകാതെ അനധികൃതമായി വിട്ടുനിന്നതിനെ തുടർന്ന് താങ്കൾക്ക് ചാർജ് മെമ്മോയും കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി. തുടർന്ന് പ്രസ്തുത വിഷയത്തിൽ ഒരു ഫോർമൽ എൻക്വയറി നടത്തുകയും താങ്കൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 07/12/2022 മുതൽ താങ്കളെ സർവീസിൽ നിന്നും ഡിസ്സ്മിസ്സ് ചെയ്യുവാൻ തീരുമാനിക്കുകയും ഇക്കാര്യത്തിൽ എന്തെങ്കിലും മറുപടി സമർപ്പിക്കാനുള്ളപക്ഷം ആയത് 15 ദിവസത്തിനകം അറിയിക്കുവാനും താങ്കളോട് നിർദ്ദേശിക്കുകയുണ്ടായി. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ താങ്കൾ ഏതൊരു വിശദീകരണവും നൽകാതിരുന്നതിനാൽ, താങ്കൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 07/12/2022 മുതൽ താങ്കളെ സർവീസിൽ നിന്നും ഡിസ്സ്മിസ്സ് ചെയ്ത് ട്രഷറി ഡയറക്ടറുടെ 16/12/2023-ലെ TRY/5279/2022-VIG 1 നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

**വി.സാജൻ**
**ട്രഷറി ഡയറക്ടർ**

സ്വീകർത്താവ്

ശ്രീ.എസ്.സജൻ
സീനിയർ അക്കൗണ്ടന്റ്
ട്രഷറി ഡയറക്ടറേറ്റ്

" ഭരണ -ഭാഷ മാതൃഭാഷ "

## ട്രഷറി ഡയറക്ടറുടെ ഉത്തരവ് നടപടികൾ, തിരുവനന്തപുരം

വിഷയം : ട്രഷറി വകുപ്പ് - ട്രഷറി ഡയറക്ടറേറ്റിലെ സീനിയർ അക്കൗണ്ടന്റ് ശ്രീ.എസ്.സജനെതിരായ വകുപ്പുതല അച്ചടക്ക നടപടി തീർപ്പാക്കി - സർവ്വീസിൽ നിന്ന് ഡിസ്മിസ് ചെയ്യുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) ട്രഷറി ഡയറക്ടറേറ്റിലെ 'എച്ച്' സെക്ഷൻ സീനിയർ സൂപ്രണ്ടിന്റെ 22/12/2022-ലെ TRY/5070/2022/H3 നമ്പർ അനൗദ്യോഗിക കുറിപ്പ്.

2) സർക്കാർ ഉത്തരവ് (അച്ചടി) നം.152/2020/ധന തീയതി 05/11/2020 .

3) സർക്കുലർ നമ്പർ 83/2020/ധന തീയതി 30/12/2020.

4) ശ്രീ.എസ്.സജന് 31/03/2023-ലെ TRY/5279/2022-VIG1 നമ്പർ പ്രകാരം നൽകിയ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.

5) മലയാളത്തിലെ രണ്ട് പ്രമുഖ ദിനപത്രങ്ങളിൽ നൽകിയ പരസ്യം.

6) ട്രഷറി ജോയിന്റ് ഡയറക്ടർ ശ്രീ.കെ.ആർ.ജിജു പ്രജിത്തിന്റെ 14/09/2023-ലെ ഫോർമൽ എൻക്വയറി റിപ്പോർട്ട്.

7) ശ്രീ.എസ്.സജന് TRY/5279/2022-VIG1 നമ്പർ പ്രകാരം തീയതി 1711/2023 നമ്പർ പ്രകാരം നൽകിയ നോട്ടീസ്.

**ഉത്തരവ് നമ്പർ ടി.ആർ.വൈ/5279/2022-വിജി1 തിയതി : 16/12/2023.**

ട്രഷറി ഡയറക്ടറേറ്റിൽ സീനിയർ അക്കൗണ്ടന്റായി സേവനം അനുഷ്ഠിക്കവെ ശ്രീ.എസ്.സജൻ കെ.എസ്.ആർ ഭാഗം-1 അനുബന്ധം XII-A പ്രകാരം വിദേശത്ത് മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിനായി

020/12/707 മുതൽ 15 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിക്കകകയും പ്രസ്തുത ശൂന്യവേതനാവധി കാലയളവ് 06/12/2022-ന് പൂർത്തീകരിച്ചിട്ടും ടിയാൻ നാളിതുവരെയായി ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ലായെന്നും പരാമർശം (1) പ്രകാരം ട്രഷറി ഡയറക്ടറേറ്റിലെ 'എച്ച്' സെക്ഷൻ സീനിയർ സൂപ്രണ്ട് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

പരാമർശം (2) -ലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു സർക്കാർ ജീവനക്കാരന് കെ.എസ്.ആർ ഭാഗം-1 അനുബന്ധം XII പ്രകാരം ടിയാന്റെ മുഴുവൻ സേവനകാലയളവിനുള്ളിൽ എടുക്കാവുന്ന പരമാവധി ശൂന്യവേതന അവധിയുടെ കാലയളവ് 5 വർഷമായി നിജപ്പെടുത്തുകയുണ്ടായി. പരാമർശം (3) പ്രകാരം അഞ്ച് വർഷത്തിലധികം കാലയളവിലേക്ക് ശൂന്യവേതന അവധി ദീർഘിപ്പിക്കുന്നതിനായി 05/11/2020-ന് ശേഷം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിരസിക്കേണ്ടതാണെന്നും പ്രസ്തുത ജീവനക്കാർക്ക് മുൻപ് അനുവദിച്ച ശൂന്യവേതന അവധി കാലയളവ് പൂർത്തിയാകുന്ന മുറയ്ക്ക് തിരികെ സേവനത്തിൽ പ്രവേശിക്കാത്തപക്ഷം അവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്.

ആയതനുസരിച്ച് ശ്രീ.എസ്.സജന് പരാമർശം (4) പ്രകാരം ചുവടെ ചേർക്കുന്ന തരത്തിൽ കുറ്റാരോപണമെമ്മോയും കുറ്റാരോണ പത്രികയും നൽകുകയുണ്ടായി.

i) താങ്കൾ ട്രഷറി ഡയറക്ടറേറ്റിൽ സീനിയർ അക്കൗണ്ടന്റായി സേവനമനുഷ്ഠിക്കെ ജി.ഒ (ആർ.ടി) നം. 8768/2007/ധന തീയതി 05/12/2007 പ്രകാരം 07/12/2007 മുതൽ 5 വർഷത്തേക്കും, ജി.ഒ.(ആർ.ടി) നം.6966/2012/ധന തീയതി 23/07/2012 പ്രകാരം 07/12/2012 മുതൽ 5 വർഷത്തേക്കും, ട്രഷറി ഡയറക്ടറുടെ 18/09/2017-ലെ

ബി6/എച്ച്3/17758/2017 നമ്പർ ഉത്തരവിൻ പ്രകാരം 07/12/2017 മുതൽ 5 വർഷത്തേക്കും വിദേശത്ത് മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിനായി KSR Part-I Appendix XII-A പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയുണ്ടായി. എന്നാൽ, ശൂന്യാവേതനാവധി കാലയളവ് പൂർത്തിയായ 06/12/2022-ന് ശേഷവും താങ്കൾ ജോലിയിൽ തിരികെ പ്രവേശിക്കാതെ നിരുത്തരവാദപരമായി ഓഫീസിൽ നിന്നും വിട്ടുനിൽക്കുകയുണ്ടായി.

ii) താങ്കളുടെ പ്രവർത്തി ഗുരുതരമായ അച്ചടക്കലംഘനവും ചട്ടവിരുദ്ധവും ഉത്തരവാദിത്തരാഹിത്യവുമാണ്.

ശ്രീ.എസ്.സജന് ടിയാന്റെ സേവന പുസ്തകത്തിലെ മേൽവിലാസത്തിൽ കുറ്റാരോപണ മൊമ്മോയും കുറ്റാരോപണ പത്രികയും അയച്ചുവെങ്കിലും ടി കത്ത് “Addressee left India” എന്ന അഭിപ്രായത്തോടുകൂടി തപാൽ അധികൃതർ തിരികെ നൽകുയുണ്ടായി. തുടർന്ന് ഇക്കാര്യം അറിയിച്ചുകൊണ്ട് മലയാളത്തിലെ പ്രമുഖ ദിനപത്രമായ മാതൃഭൂമിയിൽ 21/05/2023-നും ദേശാഭിമാനിയിൽ 22/05/2023-നും പരാമർശം (5) പ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി. കൂടാതെ ശ്രീ.എസ്.സജൻ ടിയാന്റെ വ്യക്തിഗത മെയിൽ അക്കൗണ്ട് മുഖാന്തിരം കുറ്റാരോപണ മെമ്മോയുടെയും കുറ്റാരോപണ പത്രികയുടെയും പകർപ്പ് അയച്ചുതരുവാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് ടിയാന്റെ വ്യക്തിഗത മെയിൽ അക്കൗണ്ടായ sajanspanicker@gmail.com-ൽ 03/06/2023-ന് നൽകുകയുണ്ടായി. എന്നാൽ ടിയാൻ ആയതിന് മറുപടി നൽകുകയോ മറ്റ് അറിയിപ്പുകൾ സമർപ്പിക്കുകയോ ചെയ്യുകയുണ്ടായില്ല.

ടി വിഷയത്തിൽ ഒരു ഫോർമൽ എൻക്വയറി നടത്തുവാൻ ശിക്ഷണ അധികാരിയായ ട്രഷറി ഡയറക്ടർ തീരുമാനിക്കുകയും ഫോർമൽ എൻക്വയറി

ഓഫീസറായി ട്രഷറി ജോയിന്റ് ഡയറക്ടർ ശ്രീ.കെ.ആർ ജിജുപ്രജിത്തിനെയും പ്രസന്റിംഗ് ഓഫീസറായി ട്രഷറി ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ട് ശ്രീ.എസ്. ഗിരികുമാറിനെയും നിയമിച്ച് ഉത്തരവാകുകയുണ്ടായി. ഫോർമൽ എൻക്വയറി സംബന്ധിച്ച നോട്ടീസ് ശ്രീ.എസ്.സജന്റെ സേവന പുസ്തകത്തിലെ മേൽവിലാസത്തിൽ അയച്ചുവെങ്കിലം ടി കത്ത് "Addressee left India" എന്ന അഭിപ്രായത്തോടുകൂടി തപാൽ അധികൃതർ തിരികെ നൽകുയുണ്ടായി. തുടർന്ന് ആയത് ടിയാന്റെ വ്യക്തിഗത മെയിൽ അക്കൗണ്ടായ sajanspanicker@gmail.com-ൽ 22/08/2023-ന് നൽകുകയുണ്ടായിയെങ്കിലും ടിയാൻ ഫോർമൽ എൻക്വയറിക്ക് ഹാജരാവുകയുണ്ടായില്ല.

ഫോർമൽ എൻക്വയറി ഓഫീസർ പരാമർശം (6) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ട്രഷറി ഡയറക്ടറേറ്റിലെ സീനിയർ അക്കൗണ്ടന്റ് ശ്രീ.എസ്.സജൻ കെ.എസ്.ആർ ഭാഗം-1 അനുബന്ധം XII-A പ്രകാരം വിദേശത്ത് മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിനായി 07/12/2007 മുതൽ വിവിധ ഘട്ടങ്ങളിലായി 15 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിക്കുകകയും ശൂന്യവേതനാവധി അനുവദിച്ച മുറയ്ക്ക് 06/12/2022-ന് പൂർത്തീകരിച്ചിട്ടും ടിയാൻ 07/12/2022 മുതൽ ഓഫീസിൽ നിന്നും അനധികൃതമായി വിട്ടുനിൽക്കുകയാണെന്നും ആയത് ടിയാന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ അച്ചടക്കലംഘനവും ചട്ടവിരുദ്ധവുമാണെന്നും പ്രതിപാദിക്കുകയുണ്ടായി. കൂടാതെ വകുപ്പ് മേധാവിയുടെ അനുമതിയില്ലാതെ രാജ്യം വിട്ടുപോയതായും കുറ്റാരോപണ മൊമ്മോക്കും കുറ്റാരോപണ പത്രികക്കും മറുപടി നൽകാതിരുന്നതായും ഫോർമൽ എൻക്വയറി നടപടിക്രമങ്ങളിൽ ഹാജരാകാതിരുന്നതായും വ്യക്തമാക്കുകയുണ്ടായി.ശ്രീ.എസ്.സജന്റെ ഭാഗത്തുനിന്നുള്ള പ്രവർത്തനങ്ങൾ

അച്ചടക്കരാഹിത്യവും ചട്ടവിരുദ്ധവുമാണെന്നും ആയത് ധിക്കാരപരവും ധാർഷ്ട്യത്തോടും കൂടിയതാണെന്നും പ്രസ്തുത റിപ്പോർട്ടിൽ പരാമർശിക്കുകയുണ്ടായി. മാത്രവുമല്ല, പൊതു സമൂഹത്തിന് മാതൃകയാകേണ്ട സർക്കാർ ജീവനക്കാരനായ ശ്രീ.എസ്.സജൻ ആയതിനുവിരുദ്ധമായി ടിയാനിൽ അർപ്പിതമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റാതെ നിഷേധാത്മകമായിട്ടും വകുപ്പ് മേധാവിയുടെ ഉത്തരവുകളെ അവഗണിച്ചുമാണ് പ്രവർത്തിച്ചിട്ടുള്ളതെന്നും ആയത് ഗൗരവതരമായി കാണേണ്ടതാണെന്നും ടി റിപ്പോർട്ടിൽ വ്യക്തമാക്കുകയുണ്ടായി. കൂടാതെ ശ്രീ.എസ്.സജന് നൽകിയ കുറ്റാരോപണ മെമ്മോയിലെ മുഴുവൻ കുറ്റങ്ങളും നിസംശയം തെളിയിക്കപ്പെട്ടിട്ടുള്ളതായും പ്രസ്തുത റിപ്പോർട്ടിൽ പരാമർശിക്കുകയുണ്ടായി.

അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ, വസ്തുതകൾ, സാക്ഷി മൊഴികൾ, അനുബന്ധരേഖകൾ എന്നിവ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ട് ശിക്ഷണ അധികാരിയായ ട്രഷറി ഡയറക്ടർ അംഗീകരിക്കുകയുണ്ടായി.

തുടർന്ന്, ശ്രീ.എസ്.സജനെ ടിയാൻ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന 07/12/2022 പ്രാബല്യത്തിൽ 1960-ലെ KCS (CC&A) Rules, Rule 11 (1) (viii) പ്രകാരം സർവ്വീസിൽ നിന്നും ഡിസ്മിസ് ചെയ്യുവാൻ തീരുമാനിക്കുകയും ആയതിനെതിരെ എന്തെങ്കിലും ബോധിപ്പിക്കുവാനുള്ള പക്ഷം 15 ദിവസത്തിനകം മറുപടി നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് പരാമർശം (7) പ്രകാരം ടിയാന് നോട്ടീസും അന്വേഷണ റിപ്പോർട്ടും ടിയാന്റെ സേവന പുസ്തകത്തിലെ മേൽവിലാസത്തിലും വ്യക്തിഗത മെയിൽ അക്കൗണ്ടിലും നൽകുകയുണ്ടായിയെങ്കിലും ശ്രീ.എസ്.സജൻ ആയതിന് മറുപടി നൽകുകയോ മറ്റൊരവസരം നൽകണമെന്ന് രേഖാമൂലം അപേക്ഷിക്കുകയോ ചെയ്തില്ല.

മേൽ സാഹചര്യത്തിൽ ശ്രീ.എസ്.സജൻ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന 07/12/2022 പ്രാബല്യത്തിൽ 1960- ലെ KCS (CC&A) Rules, Rule 11 (1) (viii) പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും ഡിസ്മിസ് ചെയ്ത് **അച്ചടക്ക നടപടി തീർപ്പാക്കി** ഉത്തരവാകുന്നു.

ട്രഷറി ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ ഇത് സംബന്ധിച്ച വിവരങ്ങൾ ടിയാന്റെ സേവന പുസ്തകത്തിൽ വരുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**വി.സാജൻ**
**ട്രഷറി ഡയറക്ടർ**

**സ്വീകർത്താവ്**

ശ്രീ.എസ്.സജൻ
സീനിയർ അക്കൗണ്ടന്റ്
ട്രഷറി ഡയറക്ടറേറ്റ്
(അസിസ്റ്റന്റ് ഡയറക്ടർ മുഖാന്തിരം)

(***3 പകർപ്പുകൾ - താങ്കൾ ഒരു പകർപ്പ് ശ്രീ.എസ്. സജന് നൽകേണ്ടതും മറ്റൊരുപകർപ്പിൽ ടിയാന്റെ തീയതിയോടുള്ള കൈപ്പറ്റൊപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതുമാണ്***).

**പകർപ്പ്:**

സ്റ്റോക്ക് ഫയൽ , സ്പെയർ

// ഉത്തരവിൻ പ്രകാരം //

സൂപ്രണ്ട്